(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഐഡി.കെ.13/1157/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ,തീയതി:25.08.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

ഇടുക്കി കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്-2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഐ.ഡി.കെ-13/1157/2017

തീയതി:25.08.2017

# ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.12.2016 മുതൽ 4.8.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.സിനി.എം.വി,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 5.8.2017 മുതൽ 11.8.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ബേബി സനൂജ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ.എം.യു.സണ്ണി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അനീറ്റ.പി.സാമുവൽ | സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീമതി. മായാ കൃഷ്ണൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷീബ ജയൻ | 01.04.2016 മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ.ഇ.എം.തോമസ് | 01.04.2016 മുതൽ 02.07.2016 വരെ<br>20.07.2016 മുതൽ 29.07.2016വരെ |
| | ശ്രീ.നോബി എം.ഐസക്ക്<br>(അസി.സെക്രട്ടറി-അധിക ചുമതല) | 03.07.2016 മുതൽ 19.07.2016 വരെ<br>30.07.2016 മുതൽ 04.08.2016വരെ |
| | ശ്രീ.കെ.എസ്.രാജീവ് | 05.08.2016മുതൽ 31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസി.സെക്രട്ടറി | ശ്രീ.നോബി.എം.ഐസക്ക് | 01.04.2016 മുതൽ 03.01.2017 വരെ |
| | ശ്രീ.വിജയകുമാർ സി.<br>(ഹെഡ് ക്ലാർക്ക് അധിക ചുമതല) | 04.01.207 മുതൽ 18.01.2017 വരെ |
| | ശ്രീമതി. രാജശ്രീ.റ്റി.ആർ | 19.01.2017 മുതൽ 31.03.2017 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി മഞ്ജു വി.ആർ | 01.04.2016 മുതൽ 30.06.2016 വരെ<br>01.09.2016 മുതൽ 30.09.2016 വരെ |
| | ശ്രീ.കെ.കെ.അയ്യപ്പൻ | 01.07.2016 മുതൽ 31.08.2016 വരെയും 01.10.2016 മുതൽ 31.03.2017വരെയും |
| വെറ്ററിനറി സർജൻ | ഡോ.സാം.എബ്രഹാം | 01.04.2016 മുതൽ 31.03.2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സി.എം.ഷൈല | 01.04.2016 മുതൽ 18.08.2016 വരെ |
| | ശ്രീ.ഷബീർ.എം.എച്ച് | 19.08.2016 മുതൽ 14.10.2016വരെ |
| | കുമാരി.മാളൂട്ടി.ബി | 15.10.2016 മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ജോളി.കെ.പി | 01.04.2016 മുതൽ 31.03.2017വരെ |
| വി.ഇ.ഒ. | ശ്രീ.ഫൈസൽ | 01.04.2016 മുതൽ 14.02.2017 വരെ |

| | | |
|---|---|---|
| | ശ്രീ.സുനിൽ | 15.02.2017 മുതൽ 31.03.2017വരെ |
| മെഡിക്കൽഓഫീസർ(ആരോഗ്യം) | ഡോ.സരീഷ് ചന്ദ്രൻ | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽഓഫീസർ(ഹോമിയോ) | ഡോ.ദീപക്.കെ | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.സിന്ധു.കെ | 01.04.2016 മുതൽ 20.08.2016 വരെ |
| | ഡോ.സവിത.എസ് | 21.08.2016 മുതൽ 31.03.2017വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-1 |
| 14 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 2-2 |
| 15 | തൊഴിൽ നികുതി-അപാകതകൾ | 2-3 |
| 16 | ലേലം നടത്താത്തത് | 2-4 |
| 17 | വസ്തു നികുതി അപാകതകൾ | 2-5 |
| | ഭാഗം 3 | |
| 18 | ചേലച്ചുവട് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം-നിർമ്മിതി കേന്ദ്രയ്ക്ക് അധിക തുക നല്കിയത് | 3-1 |
| 19 | വിവിധ റോഡു പ്രവർത്തികൾ - ബിറ്റുമിൻ കൈപ്പറ്റിയിട്ടും പൂർത്തിയാക്കാത്തത് | 3-2 |
| 20 | വിവിധ റോഡു പ്രവർത്തികൾ - ഡെപ്പോസിറ്റ് ചെയ്ത മുഴുവൻ തുകയ്ക്കും ടാർ ലഭ്യമായില്ല | 3-3 |
| 21 | ബാലസഭ പഠനയാത്ര- അനവദനീയമല്ലാത്തചെലവ് | 3-4 |
| 22 | കാട്ടുവെട്ട് യന്ത്രം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-5 |
| 23 | മെതിയന്ത്രം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-6 |
| 24 | തൈകൾ വിതരണം -അപാകതകൾ | 3-7 |
| 25 | കന്നുകുട്ടി പരിപാലനം - പദ്ധതി ആരംഭിച്ചിട്ടില്ല | 3-8 |
| 26 | ആട്ടുവിതരണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-9 |

| | | |
|---|---|---|
| 27 | വനിതാ ക്ഷീര കർഷകർക്ക് കാലിത്തീറ്റ- ചെലവു വിവരം ലഭ്യമാക്കിയില്ല | 3-10 |
| 28 | സാന്ത്വന പരിചരണ പാക്കേജ് -പദ്ധതി ആരംഭിച്ചിട്ടില്ല | 3-11 |
| 29 | ക്ഷേമപെൻഷൻ -വിതരണം ചെയ്യാത്ത തുകയുടെ തിരിച്ചടവ് വിവരം ലഭ്യമാക്കിയില്ല | 3-12 |
| 30 | ഹോമിയോ ആശുപത്രിക്ക് മരുന്നു ലഭ്യമായില്ല | 3-13 |
| 31 | ആശ്രയ അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു | 3-14 |
| 32 | തെരുവുനായ്ക്കളുടെ നിയന്ത്രണം - വിനിയോഗവിവരം ലഭ്യമല്ല | 3-15 |
| 33 | വാടക കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ് ഒടുക്കുന്നത് | 3-16 |
| 34 | തെരുവ് വിളക്ക് പരിപാലനം | 3-17 |
| 35 | എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം | 3-18 |
| 36 | വിവിധ റോഡ് പ്രവൃത്തികൾ-നികുതികൾ നിർണയിച്ച് ഈടാക്കിയില്ല | 3-19 |
| | ഭാഗം 4 | |
| 37 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 40 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 43 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധങ്ങൾ | |
| അനുബന്ധം-1 | എസ്.സി/എസ്.ടി പഠനമുറി നിർമ്മാണം-മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേരുവിവരം | |
| അനുബന്ധം-2 | ഓഡിറ്റ് സാക്ഷ്യപത്രം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016 ലെ നിയമസഭ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ 2015-16 വർഷത്തെ ബജറ്റ് ഭേദഗതികളും പരാമർശങ്ങളും ഇല്ലാതെ 2016-17ലേക്ക് 19.03.2016 ലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. 28.03.2017ലെ തീരുമാനം 1 പ്രകാരം 2017-18 വർഷത്തെ ബജറ്റ് അംഗീകരിച്ച അവസരത്തിൽ 2016-17ലെ പരിഷ്കരിച്ച ബജറ്റ് കൂടി അവതരിപ്പിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വരവുചെലവുകൾ യഥാക്രമം ₹30718351/-ഉം ₹305760173/-ഉം ആണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവുചെലവുകൾ യഥാക്രമം ₹89848651/-ഉം ₹91347576/-ഉം ആകുന്നു. യഥാർത്ഥ വരവുചെലവുമായി പൊരുത്തപ്പെടുന്ന രീതിയിൽ ബജറ്റ് അവതരിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 21.6.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27908675 |

| | |
|---|---|
| വരവ് | 89848651 |
| ആകെ | 117757326 |
| ചെലവ് | 91347576 |
| നീക്കിയിരിപ്പ് | 26409750 |

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെപ്പോയ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതു വിഭാഗം) | 18604000+ 4499164 (അഡീഷണൽ അലോട്ട്മെന്റ്) | 0 | 23103164 | 23103164 | 21765021 | 94.21 | 1338143 |
| വികസനഫണ്ട് (എസ്.സി.പി.) | 2690000 | 0 | 2690259 | 2690259 | 1192000 | 44.31 | 1498259 |
| വികസനഫണ്ട് (ടി.എസ്.പി.) | 7991000 | 0 | 7990725 | 7990725 | 5121107 | 64.09 | 2869618 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 9962000 | 0 | 9962439 | 9962439 | 8946259 | 89.79 | 1016180 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 5742000 | 0 | 5741589 | 5741589 | 2316266 | 40.34 | 3425323 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 11455000+ 1502002 (അഡീഷണൽ അലോട്ട്മെന്റ്) | 0 | 12957002 | 12957002 | 6179993 | 47.69 | 6777009 |
| ലോക ബാങ്ക് ധനസഹായം | 0 | 0 | 13334 | 13334 | 0 | 0 | 13334 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 144 | 55917848 | 81 | 47471686 | - | 63 | 56.25 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 34 | 21 | 17652502 | 12703727 | 71.97 |
| അസി.സെക്രട്ടറി | 14 | 9 | 11924559 | 5419240 | 45.45 |
| അസി. എഞ്ചിനീയർ | 67 | 31 | 45593259 | 18311938 | 40.17 |
| കൃഷി ഓഫീസർ | 6 | 4 | 2351750 | 840467 | 35.74 |
| വെറ്ററിനറി സർജൻ | 4 | 3 | 5115730 | 3040000 | 59.43 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 6308000 | 4742107 | 75.18 |
| ഹെഡ് മാസ്റ്റർ | 1 | 0 | 120600 | 0 | 0 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 4 | 3 | 1529207 | 1174207 | 76.79 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 400000 | 400000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 800000 | 800000 | 100 |
| വി.ഇ.ഒ | 5 | 1 | 9715500 | 40000 | 0.42 |

അംഗീകാരം ലഭിച്ച പദ്ധതികൾ പലതും നടപ്പിലാക്കിയിട്ടില്ല. വി.ഇ.ഒ.യ്ക്ക് അനുവദിച്ച തുകയുടെ 0.42% മാത്രമേ

നടപ്പിലാക്കിയിട്ടുള്ളുവെന്നത് ഗൗരവത്തോടെ കാണേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ ഫയലുകളും രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ കുറ്റകരമായ അനാസ്ഥ കാണിക്കുന്നു. താല്ക്കാലിക നിയമനം ലഭിച്ച കൃഷി ഓഫീസർമാരെ നിയമിച്ചിരിക്കുന്ന പഞ്ചായത്തുകളിൽ അവർ നടപ്പാക്കുന്ന പ്രോജക്ടുകളുടെ ബില്ലുകൾ മാറുന്നതിന് 28.5.2016 ലെ ജി.ഒ( ആർ.ടി.)1779/2016/ത.സ്വ.ഭ.വ. ഉത്തരവു പ്രകാരം പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ഉത്തവിനു വിരുദ്ധമായി എംപ്ലായ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച കൃഷി ഓഫീസർക്ക് പ്രോജക്ടുകളുടെ ബില്ലുമാറുന്നതിന് അനുമതി നല്കിയിട്ടുണ്ട്. കാടുവെട്ടുയന്ത്രം സംഘങ്ങൾക്കും സമിതികൾക്കും മാത്രമേ നല്കാവുവെന്ന് ഉത്തരുവുണ്ടെങ്കിലും വ്യക്തികളെയും ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി മോണിറ്ററിംഗ് നടത്തുന്നില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസർ ഭക്ഷ്യധാന്യങ്ങളുടെ കയറ്റിറക്കുകൂലി നല്കുന്നതിന്റെ കൃത്യമായ രേഖകൾ പരിപാലിക്കുന്നില്ല. ഇനി "ഞങ്ങൾ പറയാം "എന്ന റിയാലിറ്റിഷോയിൽ പങ്കെടുത്ത് സംസ്ഥാനത്തെ ഏറ്റവും മികച്ച സി.ഡി.എസ്.ആയി തെരഞ്ഞെടുക്കപ്പെട്ടതിന് ഒരുകോടി രൂപ(ചെക്ക് നമ്പർ 0426353/24.7.2017) സമ്മാനമായി ലഭിച്ചിട്ടുണ്ട്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 36.82.ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2938307 | 4009854 | 1071547 | 36.47 |
| നികുതിയേതര വരവുകൾ | 230630 | 824995 | 594365 | 257.71 |
| മറ്റുവരവുകൾ | 583894 | 299898 | (-)283996 | (-)48.64 |
| ആകെ | 3752831 | 5134747 | 1381916 | 36.82 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 72600 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 2515237 | 447 |
| വിധവാപെൻഷൻ | 2565138 | 690 |
| വാർദ്ധക്യകാലപെൻഷൻ | 5480615 | 1317 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 991940 | 355 |
| 50വയസ്സ കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 135240 | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2017-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 14629/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ അനുസരിച്ച് പൊതു തെരെഞ്ഞടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ട ശേഷം ആറുമാസത്തിനുള്ളിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ ടി പഞ്ചായത്തിൽ നാളിതുവരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഇൻകുമ്പൻസി രജിസ്റ്റർ പരിപാലിക്കുന്നില്ല. മിനിറ്റ്സ് സകർമ്മ സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കുന്നുണ്ടെങ്കിലും 31.03.2017ന ശേഷം ആയതിന്റെ പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നില്ല. സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് ഹാൻഡ് ഓവർ ചെയ്യുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.4.2017 | 3/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.4.2014 | 2013-14 വരെയുള്ളത് | 2.8.2014 |

## 1-12 വാർഷിക ധനകാര്യപത്രിക പരിശോധന സംബന്ധിച്ച്

പ്രവർത്തന രഹിതമായ അക്കൗണ്ടുകൾ

സ്ഥാപനത്തിലെ പ്രവർത്തനരഹിതമായ അക്കൗണ്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | അക്കൗണ്ട് | നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | Sheduled bank own fund 6 | 15278 |
| 2 | UBI special fund (WGDP)(12708) | 256683 |
| 3 | Co-operative bank specialfund(WGDP-SCP)(10472) | 290193 |
| 4 | Co-operative bank -special fund (WDGP)(11422) | 149418 |

| | | |
|---|---|---|
| 5 | SCB Saksharatha(7515) | 1575 |
| 6 | SCB WGDP GENERAL(842) | 777238 |
| 7 | Nationalised bank SSA(9153) | 41220 |

സ്ഥാപനത്തിലെ പ്രവർത്തനരഹിതമായ മേൽ അക്കൗണ്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിലെ ആസ്തിരജിസ്ററർ കാലികമല്ലാത്തതിനാൽ വാർഷികകണക്കിൽ വ്യക്തമാക്കിയിട്ടുള്ള ആസ്തികളുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടിട്ടില്ല.

സ്ഥാപനത്തിൽ സഞ്ചയ സാംഖ്യ ഏകീകരണം പൂർത്തിയായിട്ടുണ്ടെങ്കിലും കളക്ഷൻ തുകയിൽ വ്യത്യാസം നിലനിൽക്കുന്നുണ്ട്. സാംഖ്യാ സോഫ്റ്റ് വെയറിലെ ഡിമാന്റ് സഞ്ചയാ സോഫ്റ്റ് വെയറിലെ തനത് വർഷത്തെ ഡിമാന്റിന് അനുസൃതമായാണ് വരേണ്ടത്. എന്നാൽ സഞ്ചയാ സോഫ്റ്റ് വെയറിൽ 60m2 വരെയുള്ള കെട്ടിടങ്ങളുടെ നികുതി പൊതുജനങ്ങളിൽ നിന്നുള്ള അപേക്ഷപ്രകാരം കുറച്ചു നൽകുമ്പോഴും 185m2 വരെയുള്ള കെട്ടിടങ്ങളുടെ നികുതി നിലവിൽ വാങ്ങിയതുപോലെ കുറച്ചും വാങ്ങുമ്പോഴും സാംഖ്യയും സഞ്ചയയുമായി പൊരുത്തപ്പെടുത്തുന്നില്ല. അതിനാൽ സാംഖ്യാ-സഞ്ചയ ഡിമാന്റുകളിൽ വ്യത്യാസം നിലനിൽക്കുന്നു. ഫീൽഡ് വെരിഫിക്കേഷൻ നടത്തുമ്പോൾ കെട്ടിടങ്ങളുടെ ഉപയോഗക്രമം മാറുന്നത് അനുസരിച്ച് സഞ്ചയാ സോഫ്റ്റ് വെയറിൽ നികുതി വ്യത്യാസം വരുന്നുണ്ട്. അതും വ്യത്യാസമായി നിലനിൽക്കുന്നു. യഥാസമയം ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി അപാകത പരിഹരിക്കേണ്ടതാണ്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല - നഷ്ടം 62843 രൂപ

പഞ്ചായത്ത് പരിധിയിൽ വരുന്ന താഴെ സൂചിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി തൻവർഷം ഈടാക്കിയിട്ടില്ല.

| ക്രമ നം. | മൊബൈൽ ടവറുകളുടെ പേര്, അഡ്രസ്സ് | വിസ്തീർണ്ണം (ച.മീ) | നികുതി/ച.മീ. | നിർണ്ണയിച്ച നികുതി (അസസ്മെന്റ് രജിസ്റ്റർ പ്രകാരം) |
|---|---|---|---|---|
| 1 | ബി.എസ്.എൻ.എൽ ടവർ, ചേലച്ചുവട് പി.ഒ. | 12 | 500 | 7560 |
| 2 | ഐഡിയ സെല്ലുലാർ ലിമിറ്റഡ്, മേഴ്സി എസ്റ്റേറ്റ്, രവിപുരം | 20 | 500 | 9450 |
| 3 | ഐഡിയ കഞ്ഞിക്കുഴി | 25 | 500 | 15750 |
| 4 | ഐഡിയ സെല്ലുലാർ ലിമിറ്റഡ്, മേഴ്സി എസ്റ്റേറ്റ്, രവിപുരം | 15 | 500 | 9450 |
| 5 | ഇൻഡസ് ടവേഴ്സ്, വങ്കാരത്ത് ടവർ, എൻ.എച്ച്.ബൈപാസ് റോഡ്,പാലാരിവട്ടം | 15 | 500 | 9450 |
| 6 | ഇൻഡസ് ടവേഴ്സ്, വങ്കാരത്ത് ടവർ, | 21.13 | 500 | 11183 |

| | | | | |
|---|---|---|---|---|
| | എൻ.എച്ച്.ബൈപാസ് റോഡ്,പാലാരിവട്ടം | | | |
| ആകെ | | | | 62843 |

നഷ്ടത്തുക 62843/- രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി ഈടാക്കിയതിൽ കുറവ്.

ശ്രീമതി.അമ്പിളി, പൈമ്പായിൽ, കഞ്ഞിക്കുഴി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതകൾ കാണുന്നു. 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ₹50/ച.മീ നിരക്കിലും 100എം2 മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ₹80/ച.മീ.നിരക്കിലുമാണ് നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. 2013-2014 വർഷം നികുതി നിർണ്ണയിച്ചതിൽ പിശക് സംഭവിച്ചതിനാൽ പ്രസ്തുത കാലയളവ് മുതൽ നഷ്ടം സഭവിച്ചുകൊണ്ടിരിക്കുകയാണ്. 2013-14 മുതൽ 2016-17 വരെയുള്ള 4 വർഷങ്ങളിൽ ഈയിനത്തിലുണ്ടായ നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീ.) | തരം/നിരക്ക് | ഒടുക്കേണ്ട നികുതി(2013-14 മുതൽ) | ഒടുക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| X/754 | 78.08 | വാണിജ്യം(₹50/ച.മീ.) | 3904x4=15616 | 11340 | 4276 |
| X/753 | 236.81 | വാണിജ്യം(₹80/ച.മീ.) | 18944.8x4=75779.2 | 11340 | 64439.2 |
| ആകെ | | | | | 68715.2 |

വസ്തുനികുതിയിലുണ്ടായ ഈ കുറവിനെക്കുറിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയപ്പോൾ കിട്ടിയ മറുപടി സഞ്ചയ സോഫ്റ്റ് വെയറിൽ എൻട്രി വരുത്തിയപ്പോൾ വന്ന വ്യത്യാസം എന്നാണ്. ടി വ്യത്യാസം ടാക്സ് റിവിഷൻ വച്ച് പരിഹരിച്ച് 2013-14 മുതലുള്ള കുടിശിക സഹിതം കെട്ടിട ഉടമസ്ഥനിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ തൊഴിൽ നികുതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണാൻ കഴിഞ്ഞു.

ബജറ്റിൽ തൊഴിൽ നികുതിക്കായി 1500,000/- രൂപ വരുമാനം ലക്ഷ്യമിട്ടെങ്കിലും 1221420 ആണ് സമാഹരിച്ചിട്ടുള്ളത്. ലക്ഷ്യമിട്ട വരുമാനം ലഭ്യമാകുന്നതിന് നിയമപരമായ നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. നിയമപരമായ നടപടികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ലേലം നടത്താത്തത്

ചേലച്ചുവട് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം (പ്രോജക്റ്റ് നം 211/17) എന്ന പദ്ധതി പ്രകാരം ചേലച്ചുട്ടിൽ നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിൽ അധികം വന്നിട്ടുള്ള ഡിപ്പാർട്ട്മെന്റ് റബിൾ അളവെടുത്ത്

23.11.2016നു മുൻപായി ലേലം ചെയ്ത് ലേല തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിന് എൽ.എസ്.ജി.ഡി. എഞ്ചിനീയറെ ചുമതലപ്പെടുത്തി 14.11.2016ൽ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിരുന്നു. എന്നാൽ നാളിതുവരെയായി ടി റബിളുകൾ ലേലം ചെയ്തിട്ടിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിര നടപടി ഉണ്ടാകേണ്ടതാണ്.

## 2-5 വസ്തു നികുതി അപാകതകൾ

വസ്തു നികുതി പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കും വിധത്തിൽ സഞ്ചയയിലും സാംഖ്യയിലുമുള്ള കളക്ഷനിൽ വ്യത്യാസം കാണാൻ കഴിഞ്ഞു.

| സഞ്ചയപ്രകാരമുള്ള കളക്ഷൻ | സാംഖ്യ പ്രകാരമുള്ള കളക്ഷൻ | വ്യത്യാസം |
|---|---|---|
| 2517737 | 2570694 | 52957 |

മേൽ സൂചിപ്പിച്ച വ്യത്യാസത്തിനുള്ള കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചേലച്ചുവട് ഷോപ്പിംഗ് കോംപ്ലക്സ് -നിർമ്മിതി കേന്ദ്രയ്ക്ക് അധികം തുക നല്കി

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ | |
| പദ്ധതി നം | 211/17(സ്പിൽ ഓവർ) | |
| ചെലവ് വിശദാംശങ്ങൾ | ബിൽനം.1/29.7.15 | ₹883200(മുൻകൂർ 20%) |
| | ബിൽ നം.74/31.3.17 | ₹2298782(ഒന്നാം പാർട്ട് ബിൽ) |
| പദ്ധതി അടങ്കൽ | ₹4416000/- | |

2014-15 വർഷം 98/15 നമ്പർ ആയി അംഗീകാരം കിട്ടിയ പദ്ധതിയുടെ നിർവ്വഹണ ചുമതല 23/02/15 ലെ 5(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി നിർമ്മിതി കേന്ദ്രയെ ഏൽപിച്ചു. പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഇനം 3 ആയി 90 m3 അളവിൽ മണ്ണ് കിളച്ചുമാറ്റുന്നതിന് ₹1412.4/10m3 നിരക്കിൽ ₹12712/- ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ബിൽ നം. 74/31.3.17 പ്രകാരം ഓന്നാം പാർട്ട് ബിൽ തയ്യാറാക്കിയപ്പോൾ പ്രസ്തുത പ്രവൃത്തിക്ക് ₹1412.4/m3 നിരക്കിൽ ₹127116/- അനുവദിക്കുകയാണ് ചെയ്തത്. ₹12716/ -യ്ക്ക പകരം ₹127116/- അനുവദിച്ചതുമൂലം നിർമ്മിതി കേന്ദ്രയ്ക്ക് ₹114404/- അധികം നല്കിയിട്ടുണ്ട്. 10എം3ന് അനുവദനീയമായ നിരക്ക് 1എം3-ന് അനുവദിച്ചതുമൂലമാണ് തുക അധികം നല്കാൻ ഇടയായത്. അധികം നല്കിയ ₹114404/- ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നോ, നിർമ്മിതി കേന്ദ്രത്തിൽ നിന്നോ ഈടാക്കേണ്ടതാണ്. നിർമ്മിതി കേന്ദ്രയുമായി 21.05.15 ൽ ഒപ്പു വച്ച കരാർ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം 31.03.16 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികൾ നാളിതുവരെയും നടപ്പാക്കിയിട്ടില്ല.

| എസ്റ്റിമേറ്റ് ഇനം നം | പ്രവൃത്തിയുടെ പേര് |
|---|---|

| എസ്റ്റിമേറ്റ് ഇനം നം | പ്രവൃത്തിയുടെ പേര് |
|---|---|
| 10 | Random Rubble masonry with hard stone in foundation &plinth |
| എക്സ്ട്രാ ഇനം 4 | centering&shuttering including strutting,propping etc. |
| 6 | providing&fixing up floorfive level pre castcement concrete solid block |
| 7 | 12mm cement plaster of mix 1:4 |
| 8 | Smooth finishing of the exposed surface of RCC work with cement mortar 1:3 |
| 9 | Applying one coat of water thinnable cement primer of approved brand and manufacture on wall surface |
| 10 | providng&fixing 10mm thick acid and alkali resistanttiles of approved make |

കെട്ടിട നിർമ്മാണ പ്രോജക്റ്റുകൾ നടപ്പാക്കുമ്പോൾ ഇലക്ട്രിഫിക്കേഷൻ,പ്ലമ്പിംഗ്, ഫർണീഷിംഗ് ഉൾപ്പെടെ കെട്ടിട നിർമ്മാണ പൂർത്തീകരണത്തിനാവശ്യമായ മുഴവൻ തുകയും എസ്റ്റിമേറ്റിൽ വകയിരുത്തണമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നുള്ള 16.11.13 ലെ സ.ഉ.(എം.എസ്)362/13 നമ്പർ ഉത്തരവിലെ ഖണ്ഡിക 11.13(X1V)(സി)യിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും കെട്ടിടത്തിന്റെ സ്ട്രക്ചർ നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി 2017-18 വർഷത്തെ സ്പിൽ ഓവർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം നാളിതുവരെയും പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 2016-17 വർഷം നല്കിയ ₹2298782/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 വിവിധ റോഡ് പ്രവൃത്തികൾ-ഗ്രാമ പഞ്ചായത്തിൽ നിന്നും ബിറ്റുമിൻ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃ സമിതി കൺവീനർമാർ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല

താഴെപ്പറയുന്ന റോഡ് പ്രവൃത്തികളുടെ കൺവീനർമാർക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും ബിറ്റുമിൻ വാങ്ങി നല്കിയിട്ടുണ്ടെങ്കിലും പദ്ധതികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.

| പദ്ധതി നം&പദ്ധതിയുടെ പേര് | പദ്ധതി അടങ്കൽ | കൺവീനറുടെ പേര് | ബിറ്റുമിൻ വാങ്ങുന്നതിനായി പിൻവലിച്ച തുക | |
|---|---|---|---|---|
| | തുക(₹) | | ബിൽ നം/തീയതി | തുക(₹) |
| കണ്ണാടിക്കവല വരിക്കമുത്തൻ റോഡ്(175/17) | 400000 | ജോസ് ഇടയോടി | 32/22.2.17 | 75926 |
| പ്രഭാസിറ്റി റീത്തുപള്ളി റോഡ്(136/17) | 497000 | ഷാജി വാഴക്കാലായിൽ | 31/22.2.17 | 151777 |

| | | | | |
|---|---|---|---|---|
| പുന്നയാർ ആർ.സി പള്ളിപ്പടി റോഡ്(113/17) | 497000 | സജി മാത്യു | 30/22.2.17 | 84890 |
| | | ആകെ | | 312593 |

പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 വിവിധ റോഡ് പ്രവൃത്തികൾ -ഡെപ്പോസിറ്റ് ചെയ്ത മുഴുവൻ തുകയ്ക്കും ബിറ്റുമിൻ ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിൽ കൺവീനർമാർ മുഖേന തൻവർഷം നടപ്പിലാക്കിയ വിവിധ റോഡ് പ്രവൃത്തികൾക്ക് വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ എണ്ണ കമ്പനികളിൽ നിന്ന് നേരിട്ട് ബിറ്റുമിൻ വാങ്ങി നല്കുകയാണ് ചെയ്തിട്ടുള്ളത്. ബിറ്റുമിനു വേണ്ടി ₹1688304/- ഡെപ്പോസിറ്റ് ചെയ്തപ്പോൾ എണ്ണ കമ്പനികളിൽ നിന്നും ₹1667198/-യുടെ ബിറ്റുമിനാണ് ലഭ്യമായിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ബിൽ നം/ തീയ്യതി | ബിറ്റുമിനു വേണ്ടി എണ്ണ കമ്പനികളിൽ ഒാടുക്കിയ തുക | | എണ്ണ കമ്പനികളിൽ നിന്നും ലഭ്യമായ ബിറ്റുമിൻ | |
|---|---|---|---|---|---|
| | | **BPCL** | **HINDCOL** | ഇൻവോയ്സ് നം | തുക(₹) |
| സെന്റ് മേരീസ് കീഴങ്ങനാം റോഡ് (61/17) | 32/22.2.17 | 134331 | 15036 | 16008402/27.3.17(BPCL14 ബാരൽ) | 78377 |
| പ്രഭാസിറ്റി റീത്തുപ്പള്ളി റോഡ്(136/17) | 31/22.2.17 | 75926 | 79851 | 16006604/28.2.17(BPCL 46 ബാരൽ) | 268661 |
| പുന്നയാർ ആർ.സി പള്ളിപ്പടി റോഡ്(113/17) | 30/22.2.17 | 40883 | 44007 | 16006511/27.2.17(BPCL 2ബാരൽ) | 11680 |
| കണ്ണാടിക്കവല അത്തിക്കപ്പടി റോഡ്(74/17) | 23/22.2.17 | 169373 | 15036 | 16006571/28.2.17(BPCL 24 ബാരൽ) | 140171 |

| | | | | | |
|---|---|---|---|---|---|
| നാല്വ കമ്പി ഇടക്കാട്ട് റോഡ്(91/17) | 37/28.2.17 | 81766 | 75851 | 16007310/13.3.17(BPCL 50 ബാരൽ) | 283888 |
| വാക ചുവട് റീത്തുപ്പള്ളി റോഡ്(86/17) | 27/22.2.17 | 140171 | 15036 | 16006387/25.2.17(BPCL 60 ബാരൽ) | 350427 |
| പുന്നയാർ പാമ്പില തണ്ട് റോഡ്(97/17) | 28/22.2.17 | 81766 | 75851 | 1487/27.2.17(HINDCOL 19 ബാരൽ) | 142842 |
| കാണിക്ക വഞ്ചി മൈക്കിൾ സിറ്റി റോഡ്(75/17) | 24/22.2.17 | 81766 | 75851 | 3756/30.3.17(HINDCOL 2 ബാരൽ) | 14696 |
| ചേലച്ചുവട് സ്കൂൾ പടി റോഡ്(85/17) | 26/22.2.17 | 116809 | 15036 | 3755/30.3.17(HINDCOL 5 ബാരൽ) | 60220 |
| കുഴിസിറ്റി സെന്റ് മേരീസ് പടി റോഡ്(80/17) | 25/22.2.17 | 64245 | 56170 | 1488/27.2.17(HINDCOL 21 ബാരൽ) | 316236 |
| ചക്കാലക്കൽ പടി വരകുളം റോഡ്(99/17) | 29/22.2.17 | 81766 | 75851 | | |
| കണ്ണാടിക്കവല വരിക്ക മുത്തൻ റോഡ്(175/17) | 32/22.2.17 | 75926 | - | | |
| ആകെ | | 1144728 | 543576 | | 1667198 |

ബിറ്റുമിന വേണ്ടി ഭാരത് പെട്രോളിയം കോർപ്പറേഷനിൽ ₹11524/-യും ഹിന്ദുസ്ഥാൻ കോൾ കമ്പനിയിൽ

₹9582/-യും അധികം അടച്ചിട്ടുണ്ട്. എണ്ണ കമ്പനികളിൽ അധികമായി അടച്ച ₹21106/- ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ബാലസഭ പഠനയാത്ര- അനുവദനീയമല്ലാത്ത ചെലവ്

ബാലസഭ പഠനയാത്ര (149/17)-(സ്പിൽ ഓവർ)

നിർവ്വഹണം - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ബിൽ നം 3/22.10.2016 ₹125000/-

12-ാം പഞ്ചവൽസര പദ്ധതി മാർഗരേഖയുടെ (ജി.ഒ(എം.എസ്.)362/2013ത.സ്വ.ഭ.വ.) അനുബന്ധം 16(7-7)ൽ ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവല്കരണ ക്യാമ്പയിനുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ-പഠനയാത്രകൾ, സമ്മേളനങ്ങൾ, ആദരിക്കൽ, തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ലായെന്ന പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. എന്നാൽ ആയതിന വിരുദ്ധമായി ബാലസഭ പഠനയാത്ര എന്ന പ്രോജക്ടിനായി ₹125000/- തൻവർഷം വികസന ഫണ്ടിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് ₹125000/- ഓഡിറ്റിൽ നിരാകരിക്കുന്നു. പദ്ധതി ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കൂടാതെ, ബാലസഭ(പ്രോജക്ട് നം.29/17) എന്ന പേരിൽ ₹35000/- അടങ്കൽ നിശ്ചയിച്ച് തൻവർഷം പദ്ധതി തയ്യാറാക്കിയിരുന്നു. ടി ഇനത്തിൽ ₹24000/- ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുമുണ്ട്.

## 3-5 കാട്ടുവെട്ട് യന്ത്രം പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം- കൃഷി ഓഫീസർ

അടങ്കൽ – വികസന ഫണ്ട് ₹399000/-

ബിൽ നം - 4/16-17/30.3.2017 ₹299250/-

ഒരു യൂണിറ്റിന് പരമാവധി ₹7000/- നിരക്കിൽ 57 കാട്ടുവെട്ട് യന്ത്രം വാങ്ങുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കാട്ടുവെട്ട് യന്ത്രം വാങ്ങുന്നതിന് ക്വട്ടേഷൻ/ടെണ്ടർ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. അടിമാലിയിലുള്ള തോട്ടുവേലിൽ അഗ്രോ ടെക് എന്ന സ്ഥാപനത്തിന് 19 കാട്ടുവെട്ട് യന്ത്രം ₹21000/- നിരക്കിൽ വിതരണം ചെയ്യുവാൻ ആവശ്യപ്പെട്ട് സപ്ലൈ ഓർഡർ നല്കിയതായി കാണുന്നു. ടി സ്ഥാപനം നല്കിയ 29.3.2017 ലെ B2317-ാം നമ്പർ ഇൻവോയിസിൽ 19 കാട്ടുവെട്ട് യന്ത്രത്തിന്റെ വിലയായി ₹3,99,000/- രേഖപ്പെടുത്തിയിരിക്കുന്നു. ടി സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല. പദ്ധതിയിൽ വകയിരുത്തിയ തുകയിലും അധികം തുകയ്ക്ക് ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ഐശ്വര്യ കുടുംബശ്രീ , തങ്കപ്പൻസിറ്റി, നവോദയ , തങ്കപ്പൻസിറ്റി എന്നിവർ കാട്ടുവെട്ട് യന്ത്രം കൈപ്പറ്റിയതായി കാണുന്നില്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത സംഘങ്ങളായ അനുപ്രിയ, ജനപ്രിയ എന്നീ കുടുംബശ്രീ യൂണിറ്റുകൾക്കും കാട്ടുവെട്ട് യന്ത്രം വിതരണം ചെയ്തിട്ടുണ്ട്. വാങ്ങിയ കാട്ടുവെട്ട് യന്ത്രങ്ങൾ കൃഷി ഭവന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. യന്ത്രങ്ങൾ ശരിയായി

സംരക്ഷിക്കുമെന്നും പൊതുകാർഷിക ആവശ്യത്തിനുമാത്രമേ ഉപയോഗിക്കൂ എന്നും അവ നല്കപ്പെടുന്ന സ്ഥാപനവുമായി ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടണമെന്ന ഉത്തരവ് പാലിച്ചിട്ടില്ല. ഗുണഭോക്തൃ വിഹിതമിനത്തിൽ തുക ഈടാക്കിയിട്ടുണ്ടെന്നോ സ്ഥാപനത്തിന് തുക നല്കിയിട്ടുണ്ടെന്നോ വ്യക്തമല്ല. സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പിൻവലിച്ച ₹299250/- സ്ഥാപനത്തിന് നൽകിയതിന്റെ രേഖ ഇല്ല. ₹399000/- പ്രകാരമുള്ള ഇൻവോയ്സിലെ ബാക്കി തുക ₹99750/- സ്ഥാപനത്തിന് നൽകിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന 75% സബ്സിഡി മാത്രമേ നൽകിയിട്ടുള്ളൂവെന്ന് ഉറപ്പുവരുത്തേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. മേൽ പരാമർശിച്ച കാരണങ്ങളാൽ കാടുവെട്ട് യന്ത്രം വാങ്ങുന്നതിന് ചെലവായ ₹299250/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 മെതിയന്ത്രം

നിർവ്വഹണം - കൃഷി ഓഫീസർ

ബിൽ നം - 1/16-17/22.3.2017 ₹183500/-

രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾ, ഗ്രൂപ്പുകൾ, കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കാർഷിക കർമ്മസേനകൾ, ഗ്രൂപ്പുകൾ, കുടുംശ്രീയുടെ ആഭിമുഖ്യത്തിൽ രജിസ്റ്റർ ചെയ്ത വനിതാ കർഷക സംഘങ്ങൾ എന്നിവയ്ക്കായി ചെറുതും വലുതുമായ 2 മെതിയന്ത്രങ്ങൾ വാങ്ങുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. റെയ്ഡ്കോയുടെ കട്ടപ്പനശാഖയിൽ നിന്നുമാണ് മെതിയന്ത്രം വാങ്ങിയിരിക്കുന്നത്. എന്നാൽ റെയ്ഡ്കോയ്ക്ക് സപ്ലൈ ഓർഡർ നല്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. റെയ്ഡ്കോയുമായി കരാർ ചമച്ചിട്ടില്ല. 11.1.2016 ലെ ജി.ഒ(എം.എസ്)4/2016 ത.സ്വ.ഭ.വ. ഉത്തരവിലെ 3.1(7) പ്രകാരം സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ റെയ്ഡ്കോ സമർപ്പിച്ച ബിൽ(15.2.2017 ലെ12069-ാം നമ്പർ ഇൻവോയിസ്) പ്രകാരമുള്ള മുഴുവൻ തുകയായ രൂ 183500/- ഉം നല്കിയിട്ടുണ്ട്. നല്കിയ തുകയിൽ ട്രാൻസ്പോർട്ടേഷൻ ചാർജും ഇറക്കുകൂലിയുമായ രൂ 4000/- ഉം ഉൾപ്പെടുന്നുണ്ട്. ഗുണഭോക്തൃ വിഹിതം ഈടാക്കിയതു സംബന്ധിച്ച രേഖകൾ ഒന്നും ലഭ്യമാക്കിയില്ല.

മെതിയന്ത്രം വാങ്ങുന്നതിനുള്ള ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. വാങ്ങിയ മെതിയന്ത്രം സ്റ്റോക്കിൽ ചേർത്തിട്ടില്ല. വിതരണം വിവരം ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റിയ സംഘങ്ങളുമായി കരാർ ചമച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നല്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം 16 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച കാരണങ്ങളാൽ ₹183500/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 തൈകൾ വിതരണം - അപാകതകൾ

നിർവ്വഹണം -കൃഷി ഓഫീസർ

ബിൽ നം 3/16-17/30.3.2017 രൂ 214317/-

പട്ടിക വർഗ്ഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് തെങ്ങ്, ജാതി തൈകൾ വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ്. ഒരു യൂണിറ്റിന് ₹2500/-നിരക്കിൽ 167 യൂണിറ്റ് തൈകൾ വാങ്ങുന്നതിന് ലക്ഷ്യമിട്ടിരുന്നു. തൈകൾ വാങ്ങുന്നതിന് ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും രേഖകൾ ഹാജരാക്കിയില്ല. തൈകൾ വിതരണം ചെയ്യുന്നതിന് ഏത് സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത് എന്ന് വ്യക്തമല്ല. ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. തൈകൾ വാങ്ങിയതിന്റെ രേഖകളും വിതരണം ചെയ്തതിന്റെ രേഖകളും ലഭ്യമാക്കിയില്ല. സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല. പിൻവലിച്ച ₹214317/-യുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.17ന് മറുപടി നല്കിയില്ല. മേൽ പരാമർശിച്ച അപാകതകളാൽ ₹214317/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 കന്നുകുട്ടി പരിപാലനം -നാളിതുവരെ പദ്ധതി ആരംഭിക്കാത്തത്

പ്രോജക്ട് നമ്പർ- 31/17

നിർവ്വഹണം - വെറ്ററിനറി സർജൻ

ബിൽ നം 1/16-17/29.3.17 ₹625000/-

കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി മേൽ പരാമർശിച്ച ബിൽ പ്രകാരം ₹625000/-പിൻവലിച്ചിട്ടുണ്ട്. പിൻവലിച്ച തുക മൃഗസംരക്ഷണ വകുപ്പ് ജില്ലാ ഓഫീസർക്ക് നല്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പിൻവലിച്ച ₹625000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നാളിതുവരെ ടി പദ്ധതി ആരംഭിച്ചിട്ടില്ല.

## 3-9 ആട്ട വിതരണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം -വെറ്ററിനറി സർജൻ

| പദ്ധതി അടങ്കൽ | |
|---|---|
| ഇനം | തുക |
| വികസന ഫണ്ട്(ടി.എസ്.പി) | 810000 |
| ഗുണഭോക്തൃ വിഹിതം (നേരിട്ട് വഹിക്കുന്നത്) | 270000 |
| ആകെ | 1080000 |

| ചെലവ് വിവരം | |
|---|---|
| ബിൽനം / ചെക്ക് നം | തുക |
| 3/16-17/29.3.2017 | 562500 |
| 4/16-17/29.3.2017 | 123750 |
| 0202241/9.3.2017 | 187500 |
| 0202250/28.3.2017 | 41250 |
| ആകെ | 915000 |

മൃഗപരിപാലനം നിത്യതൊഴിലായി ഏറ്റെടുത്തിട്ടുള്ള 72 വനിതാ എസ്.റ്റി ഗുണഭോക്താക്കൾക്ക് ആട്ട വിതരണം നടത്തുന്നതിനായി ആവിഷ്കരിച്ചമ പദ്ധതിയാണ്. 3 ആടുകളെ വാങ്ങുന്നതിന് ₹11250/- ഗ്രാമ പഞ്ചായത്ത് വിഹിതവും ₹3750/- ഗുണഭോക്തൃ വിഹിതവും ഉൾപ്പടുന്നു.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. ഗുണഭോക്താക്കൾ ആരെന്നു വ്യക്തമല്ല. എത്ര തുക ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കിയെന്നും വ്യക്തമല്ല. പിൻവലിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്തു സെക്രട്ടറി വെറ്ററിനറി സർജനു നല്കിയ ചെക്കുകൾ (0202241/9.3.2017 ₹187500/-, 0202250/28.3.2017 ₹41250/-) നാളിതുവരെ പണമാക്കാതെ കൈവശം സൂക്ഷിച്ചിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. മേൽ പരാമർശിച്ച കാരണങ്ങളാൽ ₹915000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി നം.18-ന് നൽകിയ മറുപടിയിൽ ഗുണഭോക്താക്കൾ ആടിന്റെ ഫോട്ടോ ഹാജരാക്കാത്തതിനാലാണ് തുക ചെലവഴിക്കാത്തത് എന്ന മറുപടി അംഗീകരിക്കാനാകുന്നില്ല.

## 3-10 <u>വനിതാ ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം</u>

നിർവ്വഹണം - വെറ്ററിനറി സർജൻ

അടങ്കൽ – ₹1500000/- (വി.ഫ.)

ബിൽ നം 2/16-17/24.3.2017 ₹1500000/-

വനിതാ ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം എന്ന പദ്ധതിയ്ക്കായി വെറ്ററിനറി സർജൻ ₹1500000/- പിൻവലിച്ചിട്ടുണ്ട്. ക്ഷീര സംഘങ്ങൾ മുഖേന ക്ഷീര സംഘത്തിൽ നൽകുന്ന 1 ലിറ്റർ പാലിന് 3 രൂപ തോതിൽ കണക്കാക്കി അത്രയും തുകയ്ക്കുള്ള കാലിത്തീറ്റ നല്കുക എന്നതാണ് പ്രോജക്റ്റ് . ഗുണഭോക്താക്കൾ അരെന്നു വ്യക്തമല്ല.

ക്ഷീര സംഘങ്ങൾ ഓരോ ഗുണഭോക്താവും നിശ്ചിത കാലഘട്ടത്തിൽ നല്കിയ പാലിന്റെ അളവ് സാക്ഷ്യപ്പെടുത്തി നല്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഓരോ ഗുണഭോക്താവിനും അനുവദിച്ചിട്ടുള്ള സബ്സിഡി നിശ്ചയിച്ചിട്ടില്ല. കാലിത്തീറ്റ നല്കുക എന്നതാണ് പ്രോജക്ട് എങ്കിലുംനൽകിയ പാലിന്റെ സബ്സിഡിയായി തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയുമാണ് ചെയ്യുന്നത്. പിൻവലിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹1500000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 സാന്ത്വനം പരിചരണ പാക്കേജ്-പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല

പദ്ധതി നം.54/17

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

സാന്ത്വനം പരിചരണ പാക്കേജ് നടപ്പിലാക്കുന്നതിനായി CDS ചെയർ പേഴ്സന്റേയും മെമ്പർ സെക്രട്ടറിയുടേയും 641810101002560 നമ്പർ സംയുക്ത അക്കൗണ്ടിലേക്ക് ബിൽ നം.61/30.3.17 പ്രകാരം ₹540000/- ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ നാളിതുവരെയും ആരംഭിച്ചിട്ടില്ലാത്തതിനാൽ ₹540000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ക്ഷേമ പെൻഷൻ - വിതരണംചെയ്യാത്ത തുകയുടെ തിരിച്ചടവ് വിവരം ലഭ്യമാക്കിയില്ല.

സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ എന്നീമാസങ്ങളിലെ ക്ഷേമ പെൻഷൻ ലഭിക്കാത്തവർക്ക് പഞ്ചായത്ത് ഡയറക്ടർ നല്കിയ ചെക്കു മുഖേന തുക വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ടി ആവശ്യത്തിലേക്കായി ലഭിച്ച തുകയിൽ വിതരണം ചെയ്യാത്ത തുക തിരിച്ചടച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പെൻഷണറുടെ പേര് | ഇനം | ഐ.ഡി.നം | തുക | ചെക്ക് നം & തിയതി |
|---|---|---|---|---|
| മറിയക്കുട്ടി | ALP | 105990100019 | 600 | 321633/6.2.16 |
| ഫാത്തിമ | ALP | 105990100030 | 600 | 321635/6.2.16 |
| പി.ജെ. സെബാസ്റ്റ്യൻ | ALP | 105990100057 | 2400 | 321637/6.2.16 |
| നാരായണൻ | ALP | 105990100061 | 2400 | 321638/6.2.2016 |
| അന്നമ്മ കുര്യൻ | ALP | 105990100073 | 2400 | 321639/6.2.16 |
| കോര വർഗീസ് | ALP | 105990100124 | 2400 | 321646/6.2.16 |
| പാപ്പി കുട്ടിയമ്മ | OAP | 105990100035 | 4800 | 321651/6.2.16 |
| റെയിന്ജാൾ ജോൺ | OAP | 105990100081 | 4800 | 321652/6.2.16 |
| ആഗസ്തിദേവസ്യ | OAP | 105990100106 | 1200 | 321654/6.2.16 |

| | | | | |
|---|---|---|---|---|
| മറിയം തോമസ് | OAP | 105990100108 | 4800 | 321655/6.2.16 |

തിരിച്ചടച്ച തുകയുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 ഹോമിയോ ആശുപത്രിക്ക് മരുന്നു ലഭ്യമായിട്ടില്ല - ചെലവ് തടസ്സം 400,000/-രൂപ

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്നു വിതരണം (S0012/16) എന്ന പദ്ധതിക്കായി ഹോംകോ, ആലപ്പുഴക്ക് ബിൽ നം.1/2016-17/24.11.16, 2/ 2016-17/24.01.17, 3/2016-17/20.02.17 എന്നിവ പ്രകാരം 4,00,000/- രൂപ മാറി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നു ലഭ്യമായിട്ടില്ല. ആയതിനാൽ 4,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 ആശ്രയ പദ്ധതി അക്കൌണ്ടിൽ വൻ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

അഗതികൾക്കും അശരണർക്കും വേണ്ടി വിഭാവനം ചെയ്ത ആശ്രയ പദ്ധതിയിൽ ജനറൽ, എസ്.ടി. വിഭാഗത്തിൽ പെട്ട ആളുകൾക്കായി വീട്, വീട് മെയിന്റനൻസ്, കുടിവെള്ള കണക്ഷൻ, വൈദ്യുതി കണക്ഷൻ, സ്ഥലം വാങ്ങൽ എന്നിങ്ങനെ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ഓരോ ഇനത്തിലും ധാരാളം ആളുകൾ ആനുകൂല്യം കിട്ടാതെ അവശേഷിക്കുന്നുണ്ട്. എങ്കിലും പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ലാത്തതിനാൽ ആശ്രയ അക്കൗണ്ടിൽ (അക്കൗണ്ട് നം.423102010008328, യൂണിയൻ ബാങ്ക് ചേലച്ചുവട്) മാർച്ച് 31ന് ജനറൽ വിഭാഗത്തിൽ 2012292/-രൂപയും എസ്.ടി. വിഭാഗത്തിൽ 4710375/-രൂപയും അവശേഷിക്കുന്നു. ആഗസ്റ്റ് 9 ന് ഇത് യഥാക്രമം 1738992/-രൂപയും 4655175/-രൂപയും ആണ്. താഴെത്തട്ടിലുള്ള സാധാരണക്കാരായ ആളുകൾക്കുവേണ്ടി ചെലവഴിക്കേണ്ട ഈ ഫണ്ട് ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നത് ഗൗരവമുള്ള വിഷയമായി ഓഡിറ്റ് കണക്കാക്കുന്നു. ഫണ്ട് യഥാസമയം അർഹരായ ഗുണഭോക്താക്കൾക്കു വേണ്ടി ചെലവഴിക്കുന്നതിൽ പഞ്ചായത്ത് അധികാരികൾ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-15 തെരുവു നായ്ക്കളുടെ നിയന്ത്രണം-ജില്ലാ പഞ്ചായത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

പദ്ധതി നം. 230/17

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ, ലഘുലേഖ വിതരണം എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച തെരുവു നായ്ക്കളുടെ നിയന്ത്രണം എന്ന പദ്ധതിയുടെ ചെലവിലേയ്ക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ചെക്ക് നം.0202248/23.03.17 പ്രകാരം ₹100000/- ജില്ലാ പഞ്ചായത്തിനു നല്കിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ വിവരം സംബന്ധിച്ച രേഖകൾ ലഭ്യമല്ലാത്തതിനാൽ ₹100000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-16 വാടക കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ്ജ് സംബന്ധിച്ച്

പഞ്ചായത്തിന്റെ അധീനതയിലുള്ളതും വാടകയ്ക്ക് നല്കിയതുമായ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങളുടെ കറണ്ട് ചാർജ്ജ് തൻവർഷം പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ(വൈദ്യുതി ചാർജ്ജ് സംബന്ധിച്ച രജിസ്റ്റർ പരിശോധനയിലെ വിശദാംശങ്ങൾ)

| വാടകയ്ക്ക് നല്കിയ കെട്ടിടം | കൺസ്യൂമർ നമ്പർ | ബിൽ തുക ₹ | തുക ഒടുക്കിയ തിയതി |
|---|---|---|---|
| കീരിത്തോട് ഷോപ്പിംഗ് കോംപ്ളക്സ് | 1960 | 220/- | 16-4-2016 |
| കീരിത്തോട് ഷോപ്പിംഗ് കോംപ്ളക്സ്(ഓൾഡ് ബാങ്ക്) | 1953 | 2184/ | 28.1.16 |
| | | 1092 | 23.3.16 |
| | | 1092 | 27-5-16 |
| | | 1056 | 26-7-16 |
| | | 1195 | 27-2-17 |
| | | 1133 | 21-4-17 |
| ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 8810 | 304 | 12-10-15 |
| | | 309 | 15-12-15 |
| | | 325 | 12-2-16 |
| | | 370 | 11-4-16 |
| | | 364 | 13-6-16 |
| | | 263 | 4-11-16 |
| | | 448 | 3-1-17 |
| | | 258 | 4-3-17 |

| | | |
|---|---|---|
| | 244 | 8-5-17 |
| 8808 | 132 | 12-10-15 |
| | 132 | 15-12-15 |
| | 132 | 12-2-16 |
| | 132 | 11-4-16 |
| | 47 | 13-4-16 |
| 8807 | 132 | 12-10-15 |
| | 132 | 15-12-15 |
| | 132 | 12-2-16 |
| | 139 | 11-4-16 |
| | 47 | 13-4-16 |
| 8806 | 132 | 12-10-15 |
| | 132 | 15-12-15 |
| | 132 | 12-2-16 |
| | 132 | 11-4-16 |
| | 54 | 13-6-17 |
| 8805 | 165 | 12-10-15 |
| | 132 | 15-12-15 |
| | 132 | 12-2-16 |
| | 132 | 11-4-16 |
| | 47 | 13-6-16 |
| 8804 | 139 | 12-10-15 |
| | 132 | 15-12-15 |
| | 132 | 12-2-16 |
| | 132 | 11-4-16 |
| | 54 | 13-6-16 |

| | | | |
|---|---|---|---|
| | 8803 | 894 | 17-10-15 |
| | | 469 | 15-12-15 |
| | | 1380 | 12-2-16 |
| | | 1953 | 11-4-16 |
| | | 1010 | 13-6-16 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. വാടകക്കാരുമായുള്ള കരാർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ തുകകൾ, കെട്ടിടം ലേലം കൊണ്ട വ്യക്തികളിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 തെരുവുവിളക്ക് പരിപാലനം സംബന്ധിച്ച്

തെരുവു വിളക്കുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും സ്ഥാപന അധികാരികളുടെയും ജനപ്രതിനിധികളുടെയും മേൽനോട്ടത്തിലാണ് നടത്തപ്പെടേണ്ടത്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്/സംരക്ഷണം ഇനത്തിൽ 2016-17 സാമ്പത്തികവർഷം ചെലവഴിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| തെരുവുവിളക്കുകളുടെ എണ്ണം | വൈദ്യുതി ചാർജ്ജ് ഇനത്തിൽ ചെലവായ തുക | തെരുവുവിളക്കുകളുടെ ഇലക്ട്രിഫിക്കേഷന് ചെലവായ തുക |
|---|---|---|
| ലഭ്യമല്ല.(സ്റോക്ക് രജിസ്റർ സൂക്ഷിക്കുന്നില്ല) | 476677/- | 490000/- |

എന്നാൽ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ highmast light ഉൾപ്പെടെയുള്ള തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്ക് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. KSEBയുടെ കണക്ക് പ്രകാരമുള്ള തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഡിമാന്റ് നോട്ടീസ് പ്രകാരം തുക അടയ്ക്കുകയാണ് ചെയ്യുന്നത്. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണോ കറണ്ട്ചാർജ്ജ് നിർണയിക്കുന്നതെന്ന് വ്യക്തമല്ല. KSEB യും പഞ്ചായത്തും സംയുക്തപരിശോധന നടത്തി നിലവിൽ പ്രവർത്തിക്കാത്ത തെരുവുവിളക്കുകളുടെ വിവരങ്ങൾ ഇതുവരെ ശേഖരിച്ചിട്ടില്ല. സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന തെരുവുവിളക്കുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി തയ്യാറാക്കേണ്ടതാണ്.

## 3-18 എസ്.സി & എസ്.ടി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണം-പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി.സെക്രട്ടറി

എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട 41 ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണത്തിനായി ₹50000/-വീതം ആകെ ₹2050000/-മുൻകൂറായി കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെയും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

എസ്.ടി വിഭാഗത്തിൽപ്പെട്ട 29 ഉം എസ്.സി വിഭാഗത്തിൽപ്പെട്ട 12 ഉം ഗുണഭോക്താക്കളാണ് തുക കൈപ്പറ്റിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് & പദ്ധതി നം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് വിശദാംശങ്ങൾ | |
|---|---|---|---|
| എസ്.ടി പഠന മുറി നിർമ്മാണം(19/17) | ₹2900000/- | ബിൽനം 7/21.3.17 | 100000 |
| | | 9/21.3.17 | 400000 |
| | | 11/28.3.17 | 350000 |
| | | 18/10.4.17 | 600000 |
| | | ആകെ | 1450000 |
| എസ്.സി പഠന മുറി നിർമ്മാണം | ₹1200000/- | ബിൽ നം 8/21.3.17 | 150000 |
| | | 10/23.3.17 | 150000 |
| | | 12/28.3.17 | 200000 |
| | | 14/10.4.17 | 100000 |
| | | ആകെ | 600000 |

മുൻകൂറായി തുക കൈപ്പറ്റിയിട്ടും പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ₹2050000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുൻകൂറായി തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേരു വിവരം അനുബന്ധമായി ഉൾപ്പെടുത്തുന്നു.

## 3-19 വിവിധ റോഡ് പ്രവൃത്തികൾ -നികുതികൾ നിർണ്ണയിച്ച് ഈടാക്കിയതിൽ നഷ്ടം

അസി.എഞ്ചിനിയർ 2016-17 വർഷം നിർവ്വഹണം നടത്തിയ വിവിധ റോഡ് പ്രവൃത്തികളുടെ കൺവീനർമാർക്ക് എണ്ണ കമ്പനികളിൽനിന്നും ബിറ്റുമിൻ നേരിട്ട് വാങ്ങി നല്കുകയാണ് ചെയ്തിട്ടുള്ളത്. അളവുബുക്ക് പ്രകാരമുള്ള ആകെ പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 5% നിരക്കിൽ വാറ്റ് ഈടാക്കുന്നതിനു പകരം ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും ബിറ്റുമിന്റെ വില കുറവ് ചെയ്തതിനു ശേഷമുള്ള തുകയ്ക്കാണ് വാറ്റ് നിർണ്ണയിച്ചിട്ടുള്ളത്. തൻമൂലം വാറ്റിനത്തിൽ സംസ്ഥാന സർക്കാരിന് ₹64084/-യുടേയും നിർമ്മാണ തൊഴിലാളി ക്ഷേമ നികുതിയിനത്തിൽ ₹10945/-യുടേയും നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര്/പദ്ധതി നം& അളവ്വ ബുക്ക് | ബിൽ നം./ തീയതി & തുക | കൺവീനർ | ആകെ പ്രവൃത്തി മൂല്യം | ഈടാക്കേണ്ടിയിരുന്ന നികുതി | | ഈടാക്കിയ നികുതി | |
|---|---|---|---|---|---|---|---|
| | | | | വാറ്റ് | നിർമ്മാണ തൊഴിലാളി ക്ഷേമനിധി | വാറ്റ് | നിർമ്മാണ തൊഴിലാളി ക്ഷേമനിധി |
| നാലു കമ്പി ഇടക്കാട് റോഡ്;91/17 അളവുബുക്ക് 14/16-17 | 27/22.2.17 ₹298154/- | ലാസർ | 486976 | 24349 | 4870 | 15859 | 3172 |
| കഞ്ഞിക്കുഴി സെന്റ് മേരീസ് ചർച്ച് കീഴങ്ങനാംറോഡ്;61/17 അളവുബുക്ക് 10/16-17 | 22/22.2.17 ₹247324 | റെജി പി.ടി | 435047 | 21752 | 4350 | 13740 | 2748 |
| കുഴിസിറ്റി സെന്റ് മേരീസ് പടി റോഡ്:80/17 അളവുബുക്ക്36/16-17 | 70/31.3.17 ₹364052/- | സുമീർ പി.കെ | 496889 | 24844 | 4969 | 18203 | 3641 |
| കാണിക്കവഞ്ചി മൈക്കിൾ സിറ്റി റോഡ്;75/17 അളവുബുക്ക്39/16-17 | 67/30.3.17 ₹325813/- | പി.കെ നാരായണൻ | 495826 | 24791 | 4958 | 16291 | 3258 |
| ചേലച്ചുവട് സ്കൂൾ പടി റോഡ്;85/17 അളവുബുക്ക് 6/16-17 | 26/22.2.17 ₹168796 | മോഹൻദാസ് പി.കെ | 308268 | 15413 | 3083 | 8436 | 1687 |
| കണ്ണാടിക്കവല അത്തിക്കപ്പടി റോഡ്; 74/17 അളവുബുക്ക് 35/16-17 | 42/28.2.17 ₹312541/- | ജോസ് ഇടയോടി | 496950 | 24848 | 4970 | 15627 | 3125 |
| വാക ചുവട് റീത്തുപ്പള്ളി | 43/28.2.17 | ഷാജി | 396794 | 19840 | 3968 | 12079 | 2416 |

| | | | | | | | |
|---|---|---|---|---|---|---|---|
| റോഡ്; 86/17 അളവുബുക്ക് 3/16-17 | ₹241587/- | വാഴക്കാലായിൽ | | | | | |
| പുന്നയാർ പാംപ്ലാന തണ്ട് റോഡ്;97/17 അളവുബുക്ക് 37/16-17 | 58/31.3.17 ₹311553/- | സജി മാത്യു | 481200 | 24060 | 4812 | 15578 | 3116 |
| ആകെ | | | | | | 64084 | 10945 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 1) 2277/10 /തസ്വഭവ/ 12.7.2010 2) 2918/2013/ തസ്വഭവ/28.11.2013 | 7500000 1500000 | 2987501 | 849240 | 345127 | 2138261 |
| | | 9000000 | 2987501 | 849240 | 345127 | 2138261 |

എന്നാൽ വാർഷിക കണക്കുകൾ പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് ₹2350571/-. വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2065425 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 2065425 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2065425 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | നിക്ഷേപ തുക | രസീത് നമ്പർ | പലിശ ഉൾപ്പെടെ തുക |
|---|---|---|---|
| ഇടുക്കി ജില്ല സഹകരണ ബാങ്ക്, കഞ്ഞിക്കുഴി ശാഖ | 500000 | 0030415 | 644235 |
| ഇടുക്കി ജില്ല സഹകരണ ബാങ്ക്, കഞ്ഞിക്കുഴി ശാഖ | 1000000 | 0030056 | 1421190 |
| ആകെ | | | 2065425 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 180/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയതി |
|---|---|---|---|---|
| 2002-03 | 2-2 | 180 | ജോയി ജോൺ,ഓഫീസ് അറ്റന്റന്റ് | 11604103383/3.3.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | | 2002-03 | 7.6.6(ii) | 1999-2000വർഷത്തിൽ എസ്.സി.പി. വിഭാഗത്തിലുള്ളവർക്ക് | പഞ്ചായത്തിന് നഷ്ടമായ ₹57000/- ശ്രീ. |

| | | | | | |
|---|---|---|---|---|---|
| | | | | നടീൽ വസ്തുക്കൾ വിതരണം (കശുമാവിൻ തൈകൾ) ചെയ്തതിൽ 20.8.1998 ലെ സ.ഉ.(പി) നമ്പർ 175/98/ ത.ഭ.വ. എന്ന ഉത്തരവിൽ നിഷ്കർഷിച്ച പരിധിയിലുമധികം സബ്സിഡി നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ പേരിൽ 57000/- രൂപ ബാദ്ധ്യത നിശ്ചയിച്ചത് | ജോർജ്.വി.തോമസിൽ നിന്നും ഈടാക്കി നൽകുന്നതിന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് 11.9.2012 ൽ കത്ത് സമർപ്പിച്ചിട്ടുള്ളതാണ്. |
| 2004-05 | 2-2 | 2006-07 | 3.35.3 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തത് സംബന്ധിച്ച് | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട് |
| 2004-05 | 3-12 | 2006-07 | 3.3.6.1 | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിലെ അപാകത സംബന്ധിച്ച്. | 16800/- അടവാക്കി |
| | | 2011-12 | 2.4 | തപാൽപ്പെട്ടി, പരാതിപ്പെട്ടി, റാമ്പ് സംവിധാനം, പ്രഥമ ശുശ്രൂഷ കിറ്റ്, സ്റ്റേഷനറി എന്നിവ ഒരുക്കിയിട്ടില്ല.ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിക്കേണ്ട വിവിധ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. | തപാൽപ്പെട്ടി, പരാതിപ്പെട്ടി എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പ്രഥമ ശുശ്രൂഷ സംവിധാനം സ്റ്റേഷനറി എന്നിവ ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിക്കേണ്ട വിവിധ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| | | 2013-14 | 5.2.4(1) | സ്കൂളുകളിലിലെ ശുദ്ധജല വിതരണം | ശുദ്ധജല വിതരണത്തിന് |

| | | | | | |
|---|---|---|---|---|---|
| | | | | കാര്യക്ഷമമല്ല. | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| | | 2013-14 | 5.2.4(9) | സ്കൂൾ ചുറ്റുമതിൽ ഇല്ലാത്തത് | സ്ഥലത്തിന്റെ ഉടമ ജില്ലാ പഞ്ചായത്ത് ആണ്. ചുറ്റുമതിൽ നിർമ്മിക്കുവാൻ ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| | | 2013-14 | 5.2.4(16) | വിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തുന്ന തുകകൾ അപര്യാപ്തം | വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ തുക വകയിരുത്തുന്നുണ്ട്. |
| | | 2013-14 | 5.2.4(18) | സ്കൂൾ വിദ്യാഭ്യാസ മേഖലയും സർവശിക്ഷാ അഭിയാനും | സർവ ശിക്ഷാ അഭിയാൻ അധികാരികൾക്ക് ആവശ്യമായ നിർദ്ദേശം നല്കിയിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89848651 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 91347576 |
| വരവിനങ്ങളിലുള്ള നഷ്ടം | 62843 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 125000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9252249 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 62843 | - | ശ്രീ.കെ.എസ്.രാജീവ്, സെക്രട്ടറി |
| 3-4 | - | 125000 | ശ്രീമതി ജോളി കെ.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2298782 | ശ്രീ.കെ.കെ.അയ്യപ്പൻ , അസി.എൻജിനീയർ |
| 3-5 | 299250 | കുമാരി.മാളൂട്ടി.ബി, കൃഷി ഓഫീസർ |
| 3-6 | 183500 | കുമാരി.മാളൂട്ടി.ബി, കൃഷി ഓഫീസർ |
| 3-7 | 214317 | കുമാരി.മാളൂട്ടി.ബി, കൃഷി ഓഫീസർ |
| 3-8 | 625000 | ഡോ.സാം എബ്രഹാം സി.എ |
| 3-9 | 915000 | ഡോ.സാം എബ്രഹാം സി.എ |
| 3-10 | 1500000 | ഡോ.സാം എബ്രഹാം സി.എ |
| 3-11 | 540000 | ശ്രീ.കെ.എസ്.രാജീവ്, സെക്രട്ടറി |
| 3-12 | 126400 | ശ്രീമതി ജോളി.കെ.പി.ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-13 | 400000 | ഡോ.ദീപക്.കെ, ഹോമിയോ ഡോക്ടർ |
| 3-15 | 100000 | ശ്രീ.കെ.എസ്.രാജീവ്, സെക്രട്ടറി |
| 3-18 | 2050000 | ശ്രീമതി .രാജശ്രീ.റ്റി.ആർ, അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 3-19 | 64084/-(വാറ്റ്) | ശ്രീ.കെ.കെ.അയ്യപ്പൻ,എ.ഇ |
| | 10945/-(ക്ഷേമനിധി) | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡികകൾ 3-7, 3-8, 3-9.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.എസ്.രാജീവ്,<br>സെക്രട്ടറി | - | കുളത്തുങ്കൽ<br>കട്ടപ്പന പി.ഒ |
| ശ്രീമതി ജോളി കെ.പി.<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | കരോട്ടുനാല്പന്നേൽ,<br>കമ്പിളികണ്ടം, പാറത്തോട്<br>ഇടുക്കി പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1977-78 | എൽ.എഫ്.ഐ-9/485/99/10.11.1998 |
| 1978-79 | |
| 1979-80 | |
| 1980-81 | |
| 1981-82 | |
| 1982-83 | |
| 1983-84 | |
| 1984-85 | എൽ.എഫ്.ഐ-6/679/89/11.07.1990 |
| 1985-86 | എൽ.എഫ്.ഐ-6/565/90/05.10.1990 |
| 1986-87 | എൽ.എഫ്.ഐ-6/408/92/12.11.1992 |
| 1987-88 | എൽ.എഫ്.ഐ-6/648/92/12.11.1992 |

| | |
|---|---|
| 1988-89 | |
| 1989-90 | എൽ.എഫ്.ഐ-6/200/93/23.11.1993 |
| 1990-91<br><br>1991-92 | എൽ.എഫ്.ഐ-6/440/93/23.11.1993 |
| 1992-93<br><br>1993-94 | എൽ.എഫ്.ഐ-6/444/94/17.10.1994 |
| 1994-95 | എൽ.എഫ്.ഐ-6/374/97/09.10.1997 |
| 1996-97 | എൽ.എഫ്.ഐ-9/132/98/20.10.1999 |
| 1997-98 | എൽ.എഫ്.ഐ-9/264/99/19.10.2000 |
| 1998-99 | എൽ.എഫ്.ഐ-9/127/99/09.02.2000 |
| 1999-00 | എൽ.എഫ്.ഐ-9/469/01/26.06.2002 |
| 2000-01 | എൽ.എഫ്.ഐ-9/452/03/31.12.2003 |
| 2001-02 | എൽ.എഫ്.ഐ-9/161/04/07.12.2014 |
| 2002-03 | എൽ.എഫ്.ഐ-9/690/04/06.05.2005 |
| 2003-04 | എൽ.എഫ്.ഐ-9/243/06/12.12.2006 |
| 2004-05 | എൽ.എഫ്.ഐ-9/99/07/30.03.2007 |
| 2005-06 | എൽ.എഫ്.ഐ-9/783/07/06.10.2007 |
| 2006-07 | എൽ.എഫ്.ഐ-9/558/08/12.02.2009 |
| 2007-08 | എൽ.എഫ്.ഐ-9/562/09/05.05.2011 |
| 2008-09 | എൽ.എഫ്.ഐ-13/301/11/06.05.2011 |
| 2009-10 | എൽ.എഫ്.ഐ-13/302/11/06.05.2011 |
| 2010-11 | എൽ.എഫ്.ഐ-13/144/13/11.06.2013 |
| 2011-12 | എൽ.എഫ്.ഐ-13/1067/13/15.03.2014 |
| 2012-13 | എൽ.എഫ്.ഐ-13/554/14/15.10.2014 |
| 2013-14 | കെ എസ് എ/ഐ ഡി കെ-13/1254/ 2015/<br><br>01.11.2015 |

| | |
|---|---|
| 2014-15 | കെ.എസ്.എ.-ഐ.ഡി.കെ.-13/321/ 2016/10.05.16 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-13/6/17 തീ.05.01.17 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## SC/ST പഠനമുറി നിർമ്മാണം-മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേരുവിവരം

| എസ്.ടി വിഭാഗം | |
|---|---|
| 1 | ബിജു പി.എസ് പാറപുരയ്ക്കൽ |
| 2 | ഐസക് വർഗീസ് തെങ്ങും തോട്ടത്തിൽ |

| | |
|---|---|
| 3 | ഷൈബി വർഗീസ് തൈയ്ക്കൽ |
| 4 | സന്തോഷ് എം.കെ നെല്ലാനിക്കൽ |
| 5 | സന്തോഷ് കരോട്ട് പറമ്പിൽ |
| 6 | സജീവൻ പുറക്കാട്ട് |
| 7 | ബിന്ദു രാജമ്മ നെല്ലിക്കൽ |
| 8 | കവിത മനോഹരൻ കരിക്കാപ്പറമ്പിൽ |
| 9 | പുഷ്പമ്മ റെജിപൈനായിൽ |
| 10 | ഉഷ മോഹനൻ തേനിയ്ക്കാകുടിയിൽ |
| 11 | റോസമ്മ ബാബു താഴത്തുവീട്ടിൽ |
| 12 | ആൻസി സണ്ണി മണകാട്ട് |
| 13 | ചെല്ലപ്പൻ കെ.എൻ കോരാളിയിൽ |
| 14 | ലളിത രവി വരകുളത്തിൽ |
| 15 | ജോഷ്വാ ടി.ഡി തെരുവപ്പറമ്പിൽ |
| 16 | ജോർജ്ജ് ജോൺ പാണ്ടൻപ്ലാക്കൽ |
| 17 | സരിത ബിനോജ് കിണറ്റിങ്കൽ |
| 18 | വിജയൻ പി.ജി പുന്നൂട്ടിൽ |
| 19 | ചന്ദ്രശേഖരൻ എം.കെ മണിയൻ കല്ലേൽ |

| | |
|---|---|
| 20 | ജോസഫ് എം.എ മുണ്ടയ്ക്കാട്ട് |
| 21 | വിത്സൻ കൊച്ചു പറമ്പിൽ |
| 22 | സികു ജോസഫ് പാറശ്ശേരിൽ |
| 23 | സിന്ധുരാമകൃഷ്ണൻ കോയിപ്പിള്ളിൽ |
| 24 | ഓമന വിജയൻ തോട്ടുങ്കൽ |
| 25 | ദേവകി ജോർജ്ജ് തേരയിൽവീട് |
| 26 | ജോൺസൻ എം.എം മുണ്ടപ്പള്ളിൽ |
| 27 | ലൗലി ടോമി പീടികയിൽ |
| 28 | ജോസ് എബ്രാഹം അറയ്ക്കൽ |
| 29 | ഷിജിമോൾ ഡേവീസ് കോഴിക്കുന്നേൽ |
| എസ്.സി.വിഭാഗം | |
| 1 | കെ.പി ഷാജി കൊച്ചുമുറിയിൽ |
| 2 | ഹരിദാസ്,ചെറുതലയ്ക്കൽ |
| 3 | ടി.കെ ഷാജി തെങ്ങുംപ്പള്ളിക്കുന്നേൽ |
| 4 | ശിവൻ കെ.എ കോഴിയ്ക്കാലിൽ |
| 5 | രാധാമണി കിഴക്കേപ്പാത്തിക്കൽ |
| 6 | നിർമ്മല മനോജ് ഈന്താനിക്കണ്ടത്തിൽ |

| | |
|---|---|
| 7 | സുരേഷ് പി.എസ്,പുതുവിള പുത്തൻ വീട് |
| 8 | ലാല്യ കുഞ്ഞൻ ചേലമ്മാവുകുടിയിൽ |
| 9 | സണ്ണി പി.കെ പുത്തൻതടത്തിൽ |
| 10 | തങ്കമണി ശങ്കരൻകുട്ടി ഓലിയ്ക്കൽ |
| 11 | സന്തോഷ് എം.കെ മേളകുന്നേൽ |
| 12 | ഗീത ദിനു പോത്തനാംകുഴിയിൽ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-2

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഐ.ഡി.കെ 13/1157/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി

തൊടുപുഴ,തീയതി:25.08.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ

ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

KSAIDK-13/1157/2017

Kerala State Audit Department
District Audit office, Idukki
Thodupuzha, Date:25.08.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of IDUKKI-KANJIKUZHI Grama Panchayat in Idukki District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of Accounts of Panchayat Raj

Institutions.

In my opinion, the Financial Statements of IDUKKI-KANJIKUZHI Grama Panchayat for the year 2016-17 except observations in my Audit Report properly presents the picture of income & expenditure.

DEPUTY DIRECTOR
IDUKKI